എന്നാൽ ഇടതുപക്ഷം സ്വയം വിലയിരുത്തലിന് തയ്യാറാകേണ്ട സമയമാണിത്. പ്രചരണ തന്ത്രങ്ങളിലും പ്രവർത്തനരീതികളിലും കാര്യമായ പൊളിച്ചെഴുത്ത് ആവശ്യമുണ്ട്. മുഖ്യധാരാ മാദ്ധ്യമങ്ങളുടെ പ്രതിലോമ സമീപനങ്ങളെ ചോദ്യം ചെയ്ത്, സമാന്തര-ജനകീയ മാദ്ധ്യമ സംസ്ക്കാരം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യം ഇന്നുണ്ട്. സോഷ്യൽനെറ്റ്വർക്കുകളുടെയും മറ്റ് ആശയവിനിമയ സങ്കേതങ്ങളുടെയും സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടത് അനിവാര്യമായിരിക്കുന്നു. ഇടതുപക്ഷ മുഖംമൂടി അണിഞ്ഞിരിക്കുന്ന വലതുപക്ഷ കക്ഷികളെ അപ്രസക്തമാക്കുന്നതും വളരെ പ്രധാനമാണ്. ആപ്പിന്റെ ആഗമനം ഇടതുപക്ഷത്തെ തളർത്തുകയല്ല പ്രചോദിപ്പിക്കുകയാണ് വേണ്ടത്. അധികാരത്തിലാരെത്തണമെന്ന് ജനങ്ങൾ തീരുമാനിക്കട്ടെ. പ്രത്യയശാസ്ത്രത്തെ അന്ധമായി പിന്തുടർന്നുകൊണ്ടോ പൂർണ്ണമായി കൈയൊഴിഞ്ഞുകൊണ്ടോ അല്ല; അതിനെ അവസരോചിതമായി ഉപയോഗപ്പെടുത്തിയും സാധാരണക്കാരന് മനസ്സിലാകത്തക്ക രീതിയിൽ വിശദീകരിച്ചും പ്രയോഗത്തിൽ വരുത്തിയും ജനങ്ങളുടെ തീരുമാനത്തെ സ്വാധീനിക്കാൻ കഴിയണം. പരസ്പരപൂരകമായി പ്രവർത്തിക്കുന്ന, പരസ്പരം വിലയിരുത്തുകയും വിമർശിക്കുകയും ചെയ്യുന്ന, ജാഗ്രത്തായ ഇടതുപക്ഷ ഇടമാണ് സാധ്യമാകേണ്ടത്.■

# ഭരണവും സമരവും ഒരുപോലെ സാധ്യമാകണം

**അപ്പുക്കുട്ടൻ വള്ളിക്കുന്ന്**

(ഇടതുചിന്തകൻ, മാധ്യമപ്രവർത്തകൻ)

**ഇന്ത്യൻ** രാഷ്ട്രീയത്തിലെ നിർണ്ണായകമായ ഒരു ഘട്ടമാണ് ആം ആദ്മി പാർട്ടിയുടെ രംഗപ്രവേശം. ഇതിനെ ഒരു പ്രതിഭാസമെന്ന് ചിലർ വിളിക്കുന്നു. ആം ആദ്മി പാർട്ടിയുടെ നേതാക്കൾതന്നെ, ഭരണാധികാരികൾ ജനങ്ങളാണെും അവരുടെ കൈകളിലേക്ക് അധികാരമെത്തിക്കുകയാണ് ലക്ഷ്യമെന്നും പറയുന്നു. അവസാനം ജനങ്ങൾ ഗതികെട്ട് ജനാധിപത്യത്തിൽ ഇടപെടുകയും തങ്ങൾക്കാണ് അധികാരമെന്ന് മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളെ ബോധ്യപ്പെടുത്തുകയും ചെയ്തു. ജനാധിപത്യത്തിന്റെ ലക്ഷ്യത്തിനും സുതാര്യതയ്ക്കും വേണ്ടി, ജനങ്ങളിൽ നിന്ന് ഭരണകൂടത്തെ വഴിതെറ്റിച്ചു കൊണ്ടുപോകുന്നതിനെതിരെ ജനങ്ങൾ രാസത്വരകമായി പ്രവർത്തിച്ചു. ജനാധിപത്യത്തിന്റെ ശക്തി ജനങ്ങൾ തന്നെയാണെന്ന് എല്ലാവരും തിരിച്ചറിഞ്ഞുതുടങ്ങി.

അഴിമതി വിരുദ്ധ, സംശുദ്ധഭരണം എന്നു പറഞ്ഞ് ആം ആദ്മി പാർട്ടിക്ക് എത്രകണ്ടു പിടിച്ചുനിൽക്കാനാവുമെന്ന് ചോദ്യം ഉയരുന്നുണ്ട്. വാഹനങ്ങളിലെ ചുവന്ന വിളക്കുകൾ ഒഴിവാക്കുക, ബംഗ്ലാവിൽ താമസിക്കില്ലെന്നു പറയുക തുടങ്ങിയ തൊലിപ്പുറ നടപടികൾകൊണ്ട് എന്തുകാര്യം എന്നും ചോദ്യമുണ്ട്. രാജ്യതലസ്ഥാനത്ത് ജനങ്ങൾക്ക് ദാഹജലം ഉറപ്പാക്കിയതും, കുത്തനെ കൂടുന്ന വൈദ്യുതിചാർജ്ജ് പാതിയാക്കി കുറച്ചതും, ചേരിനിവാസികൾക്കും പാവപ്പെട്ടവർക്കും സർക്കാർ സ്കൂളുകൾ ലഭ്യമാക്കിയതും മാത്രമല്ല ഇരുപതു ദിവസം കൊണ്ട് തന്റെ ഗവണ്മെന്റ് നടപ്പാക്കിയ നീണ്ട പട്ടിക സി.എൻ.എൻ-ഐ.ബി.എൻ അഭിമുഖത്തിൽ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ നിരത്തുകയുണ്ടായി. അത് വിശദമായി വായിച്ചാൽ ഈ ചോദ്യത്തിന്റെ ഉത്തരം കൃത്യമായി മനസ്സിലാകും.

കേരളത്തിലെ കമ്മ്യൂണിസ്റ്റു സർക്കാർ 57ൽ ചെയ്തതുപോലുള്ള അടിസ്ഥാനപരമായ നടപടികളിലേക്കുതന്നെയാണ് ആം ആദ്മി പാർട്ടി പോകുന്നതെന്ന് കെജ്രിവാളിന്റെ വിശദീകരണത്തിൽ നിന്നു വ്യക്തമാണ്. എ.എ.പിയുടെ സാമ്പത്തികനയങ്ങളും പരിപാടികളും വൈകാതെ ആവിഷ്ക്കരിച്ച് ജനങ്ങൾക്കുമുമ്പിൽ സമർപ്പിക്കുമെന്ന് അവർ പ്രഖ്യാപിച്ചിട്ടുണ്ട്. അതുവരെ കാത്തിരുന്നു വിലയിരുത്തുന്നതാവും ശരി. ഇപ്പോൾതന്നെ ഡൽഹിയിലെ കാഴ്ച അസാധാരണമാണ്. ഡൽഹിയും സംസ്ഥാനമാണെങ്കിലും ഇതരസംസ്ഥാനങ്ങൾക്കുള്ള പരമമായ അധികാരമായ ക്രമസമാധാന പാലനവും പൊലീസും അവർക്കില്ല. കേന്ദ്രം കയ്യടക്കിവെച്ചിരിക്കയാണ് ഇവ. ആം ആദ്മി പാർട്ടി വന്നപ്പോഴാണ് രാജ്യം തന്നെ അക്കാര്യം ശ്രദ്ധിക്കു

ന്നത്. കേന്ദ്രസർക്കാറിന്റെ ചൊൽപ്പടിയിൽ നിൽക്കുന്ന പൊലീസ്, ഡൽഹി ഗവണ്മെന്റിന്റെ ജനാധിപത്യപരമായ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തയ്യാറല്ല. കേന്ദ്രത്തിന്റെ പിൻബലത്തിൽ പൊലീസ് സംസ്ഥാന ഗവണ്മെന്റിനെ വെല്ലുവിളിക്കുന്നു. സംസ്ഥാന ഗവണ്മെന്റിനെ അനുസരിക്കുന്ന പൊലീസ് വേണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിയും സഹപ്രവർത്തകരും കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ ഓഫീസിനുമുമ്പിൽ ധർണ നടത്തുന്നു. ഡൽഹി ദർബാറും ഭരണ സെക്രട്ടേറിയറ്റും തെരുവിൽ പ്രവർത്തിക്കുന്നു. ഇതിൽ ഒരുപാട് സന്ദേശങ്ങളുണ്ട്. സംസ്ഥാന ഗവണ്മെന്റുകൾക്കും അതുവഴി ഭൂരിപക്ഷ ജനതയ്ക്കും

**ഇതുകൊണ്ടാണ് ഇ.എം.എസ് ഗവണ്മെന്റ് ഭരണവും സമരവും എന്നു പറഞ്ഞത്. ജനങ്ങളുടെ സമരോപകരണമാണ് ഇടതുപക്ഷ ഗവണ്മെന്റുകളെന്നാണ് സി.പി.എം പറഞ്ഞിരുന്നത്. ബദൽ നയങ്ങൾ ആവിഷ്ക്കരിക്കുമെന്നു പറഞ്ഞാണ് ആദ്യകാലങ്ങളിൽ പ്രവർത്തിച്ചത്**

കേന്ദ്ര സർക്കാർ മൂക്കുകയറിടുകയാണ്. അതിനെയാണ് കെജ്‌രിവാൾ ചോദ്യം ചെയ്യുന്നത്. കൂടുതൽ അധികാരങ്ങൾ സംസ്ഥാനങ്ങൾക്കു പകർന്നു നൽകാതെ നയങ്ങൾ പറഞ്ഞു നടന്നതുകൊണ്ട് എന്തുകാര്യം? ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കും? രാജ്യരക്ഷയും വിദേശകാര്യവും കറൻസിയുമൊഴികെ മറ്റ് അധികാരങ്ങളും വിഭവങ്ങളും സംസ്ഥാനങ്ങൾക്ക് വിട്ടു നൽകണമെന്ന ബദൽ നയം കമ്മ്യൂണിസ്റ്റു പാർട്ടി പണ്ടേ മുന്നോട്ടുവെച്ചിരുന്നു. പല പ്രതിപക്ഷ പാർട്ടികളും സംസ്ഥാന ഗവണ്മെന്റുകളും ഈ വഴിക്ക് ശബ്ദമുയർത്തിയിരുന്നു. ഇപ്പോൾ രാജ്യത്തിന്റെ പരമാധികാരംപോലും പുറത്തുനിന്നാരൊക്കെയോ കൈകാര്യം ചെയ്യുകയാണ്.

ഇതുകൊണ്ടാണ് ഇ.എം.എസ് ഗവണ്മെന്റ് ഭരണവും സമരവും എന്നു പറഞ്ഞത്. ജനങ്ങളുടെ സമരോപകരണമാണ് ഇടതുപക്ഷ ഗവണ്മെന്റുകളെന്നാണ് സി.പി.എം പറഞ്ഞിരുന്നത്. ബദൽ നയങ്ങൾ ആവിഷ്ക്കരിക്കുമെന്നു പറഞ്ഞാണ് ആദ്യകാലങ്ങളിൽ പ്രവർത്തിച്ചത്. കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി ഇടതുപക്ഷം ഈ നിലപാടുകളിൽ നിന്ന് പിറകോട്ടുപോയി. ഭരണനയങ്ങളിൽ ഇടതു-വലതു വ്യത്യാസമില്ലാതായി. ആം ആദ്മി പാർട്ടി ആ ബദലിനുള്ള പോരാട്ടമാണ് കുറിച്ചിട്ടുള്ളത്. കോൺഗ്രസ്സിന്റെ പിന്തുണയോടെ അധികാരത്തിലിരുന്നാൽ പറയുന്നതൊക്കെ പ്രയോഗത്തിൽ വരുത്താൻ കഴിയുമോ എന്ന് സംശയം ഉന്നയിക്കപ്പെടുന്നുണ്ട്. അതിനുള്ള ഉത്തരമാണ് ഈ സമരം. കോൺഗ്രസ് ഗവണ്മെന്റിന്റെ അഴിമതി ഫയലുകൾ പുറത്തെടുക്കുന്നത്, നേരിട്ട് ഏറ്റുമുട്ടുന്നത് ആത്മഹത്യാപരമല്ലേ, ഭരണംവിട്ട് ഒളിച്ചോടുകയല്ലേ വേണ്ടത് എന്ന് പരിഹസിക്കുന്നവരുണ്ട്. അഭിമന്യു പത്മവ്യൂഹത്തെ നേരിട്ടു പൊരുതി മരിച്ചതോർക്കുക. ആം ആദ്മി പാർട്ടി നാളെ ഒരുപക്ഷെ ജനാധിപത്യത്തിന്റെ രക്തസാക്ഷിയാകാം. പക്ഷെ കൗരവവാഴ്ചയും അധാർമ്മികതയും തകർക്കപ്പെടുകതന്നെ ചെയ്യും.

31 എം.എൽ.എമാർ ബി.ജെ.പിക്കുണ്ടായിട്ടും 28 എം.എൽ.എമാരുള്ള പാർട്ടി ഭരിച്ചു. ആരുടെ പിന്തുണയും ആവശ്യപ്പെടാതെ കിട്ടിയ പിന്തുണയുടെ ബലത്തിൽ. വോട്ടുചെയ്യൽ മാത്രമാണ് ആം ആദ്മിയുടെ ചുമതലയെന്നു കരുതി ഭരണം കൊള്ളചെയ്തവർ ഇപ്പോൾ പരിഭ്രാന്തരാണ്. ആം ആദ്മി ഉണർന്നെണീറ്റിരിക്കുന്നു. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളെല്ലാം ജനങ്ങളെ വിശ്വസിപ്പിക്കാൻ പല വേഷവും കെട്ടിത്തുടങ്ങി. ഡൽഹിയിലെ പരീക്ഷണം തൽക്കാലം പരാജയപ്പെട്ടാലും അത് പല രൂപത്തിൽ പല ഭാഗത്തും വീണ്ടും പ്രത്യക്ഷപ്പെടും, മുന്നോട്ടുപോകും. കാരണം 128 കോടി ജനങ്ങളുടെ ഇടപെടലാണത്.

ബഹുസ്വരതയും ദേശീയതയും നാനാത്വത്തിലെ ഏകത്വവുമൊക്കെ കാത്തുസൂക്ഷിക്കുന്നത് ജനങ്ങളാണ്. ഇന്ത്യയിലെ ജനങ്ങൾക്ക് അതിനുള്ള രാഷ്ട്രീയ-ആശയ-ചരിത്ര ബോധമുണ്ട്. ആൾക്കൂട്ടത്തിന്റെയല്ല ജനങ്ങളുടെ ശരിയാണ് ജനാധിപത്യം. എഴുതിയും തിരുത്തിയും വീണ്ടും തിരുത്തിയും ചരിത്രത്തിലൂടെ അവർ അതു മുന്നോട്ടു കൊണ്ടുപോകും. ■

**കേരളീയം വരിസംഖ്യ**
**300 രൂപ**
**അയയ്ക്കുമല്ലോ...**

**അറിയിപ്പുകൾ**
**അഭിപ്രായങ്ങൾ**
**കത്തുകൾ**
എഴുതുക/വിളിക്കുക/അയക്കുക

കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 0487 2421385, 9446576943